**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2697** **12-07-2022 - ൽ മറുപടിയ്ക്ക്**

**അൺ എയ്ഡഡ്, പാരലൽ വിദ്യാലയങ്ങളിൽ പഠനത്തിനുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ, എയിഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അൺ എയ്ഡഡ്, പാരലൽ വിദ്യാലയങ്ങളിൽ പഠിക്കുന്നതിന് എന്തൊക്കെ ആനുകൂല്യങ്ങളാണ് പട്ടികജാതി വികസന വകുപ്പ് മുഖേന നൽകി വരുന്നതെന്നറിയിക്കാമോ? | (എ) | സർക്കാർ, എയിഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാത്ത പോസ്റ്റ് മെട്രിക് തലത്തിലെ വിദ്യാർത്ഥികൾക്ക് പാരലൽ വിദ്യാലയങ്ങളിൽ പഠിക്കുന്നതിന് ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, ഫീസ് എന്നിവ നൽകി വരുന്നു. സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷ കമ്മീഷണർ മുഖേന പ്രവേശനം നേടുന്നവർക്കും, ഡി.എച്ച് എസ് , നഴ്സിംഗ് കൗൺസിൽ തുടങ്ങി സർക്കാർ ഏജൻസികൾ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് നിന്നും അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന വർക്കും സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭാസനുകൂല്യം അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ